**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **01-09-2022 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരുവുവിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.യിലേക്ക് മാറ്റുന്ന നിലാവ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | നിലാവ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ വാങ്ങിയ 2 ലക്ഷം LED ബൾബുകളും രണ്ടാം ഘട്ടത്തിൽ ഓർഡർ ചെയ്തിട്ടുള്ള 1.72ലക്ഷത്തിൽ 1.52 ലക്ഷം വിവധ വാട്ടേജുകളിലുള്ളLED ബൾബുകളും സ്ഥാപിച്ചു. പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമായി സംസ്ഥാന വ്യാപകമായി സർവ്വേ പൂർത്തിയാക്കി. കൂടുതൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിക്കുന്ന പരാതിയിന്മേൽ പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായിചുമതലപ്പെടുത്തിയ സംസ്ഥാന വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച LED ബൾബുകളിൽ കേടായവ മാറ്റി സ്ഥാപിക്കുന്നതിന് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ച 3.52ലക്ഷം LED-കളിൽ നാളിതുവരെ കേടായതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 15049 LED കളിൽ 10400 എണ്ണം മാറ്റി സ്ഥാപിച്ച് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ